# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3086 — 15.12.2015 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികളിലെ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. പി.ടി.എ.റഹീം<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ. എം. ഹംസ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ടെണ്ടർ നടപടികളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉയർന്ന വില നൽകി ഗുണമേന്മ കുറഞ്ഞ വസ്തുക്കൾ വാങ്ങുന്നതു മൂലം കോർപ്പറേഷന് വൻ സാമ്പത്തിക നഷ്ടവും ഉപഭോക്താക്കൾക്ക് ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ലഭ്യമാവുകയും ചെയ്തുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മത്സരാധിഷ്ഠിത ഇ-ടെൻഡറിലൂടെയാണ് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നത്. ഇത്തരത്തിൽ വാങ്ങുന്നവ അതാത് ഡിപ്പോകളിലെ ക്വാളിറ്റി ഇൻസ്പെക്ടർമാർ ശാസ്ത്രീയ പരിശോധന നടത്തി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സാധനങ്ങളാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ അവ സ്വീകരിക്കാറുള്ളു. നിലവാരം കുറഞ്ഞവയാണെന്ന് കാണുന്ന പക്ഷം അവ അപ്പോൾ തന്നെ മടക്കി അയയ്ക്കുകയും പകരം മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള സാധനങ്ങൾ വീണ്ടും സപ്ലൈ ചെയ്യാൻ നിർദ്ദേശിക്കുകയുമാണ് ചെയ്യുന്നത്. കോഴിക്കോട് ഗുണ നിലവാരത്തിൽ വ്യത്യാസമുള്ള വൻപയർ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് വിതരണക്കാർക്ക് എതിരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി എടുത്തിട്ടുണ്ട്.

2012 ജൂലായ് മാസത്തിൽ ചുവന്ന വൻപയറിന് പകരം വെള്ള വൻപയർ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് കരാറുകാരനായ M/s. സായ് തേജാ എന്റർപ്രൈസസിൽ നിന്നും 33,05,376/- രൂപ പെനാൽറ്റിയായി ഈടാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; ഇതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള കേസുകൾ ഇപ്പോൾ നിലവിലില്ല. ഗുണ നിലവാരത്തിൽ വ്യത്യാസമുള്ള വൻപയർ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് വിതരണക്കാർക്ക് എതിരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി എടുത്തിട്ടുണ്ട്.

(ഡി) കോഴിക്കോട് റീജിയണൽ മാനേജരുടെ കീഴിലെ ഡിപ്പോയിൽ

(ഡി) കോഴിക്കോട് റീജിയണൽ മാനേജരുടെ കീഴിലെ ഡിപ്പോയിൽ കൂടിയ നിരക്കിൽ ഗുണമേന്മ കുറഞ്ഞ

ടെണ്ടർ നടപടി അട്ടിമറിച്ച് കൂടിയ നിരക്കിൽ ഗുണമേന്മ കുറഞ്ഞ തുവരപ്പരിപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

തുവരപ്പരിപ്പ് വാങ്ങിയെന്ന പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ സർക്കാരിൽ നിന്നുള്ള നിർദ്ദേശ പ്രകാരം സപ്ലൈകോ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ